LIBRARY ARCHIVES Kerala Legislative Assembly

ട്രഷറി എ.ടി.എം. സംവിധാനം

66 (1890) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൊതുജനത്തിന് കൂടുതൽ സൗകര്യ പ്രദമാകുന്ന തരത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രഷറി നിക്ഷേപകർക്ക് എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ ;

(സി) ട്രഷറികളിലെ തിരക്ക് കുറയ്ക്കുന്നതിനും ഇടപാടുകളിലെ നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനും എ.ടി.എം. സംവിധാനം ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തി കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് സൗകര്യപ്രദമായിരിക്കുമെന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) പൊതുജനങ്ങൾക്ക് ട്രഷറി സന്ദർശിക്കാതെതന്നെ പണം ഓൺലൈൻവഴി അടയ്ക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ട്രഷറി സംവിധാനം ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിച്ച് കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സൗകര്യം നിലവിൽ വന്നതോടെ ഏതുട്രഷറികളിൽനിന്നും ട്രഷറി അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ആളോഹരി കടം

67 (1891) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാലരവർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും എത്ര വീതമായാണ് വ്യക്തമാക്കാമോ ; ഓരോ വർഷവും ആളോഹരിയായി വരുന്ന കടം എത്ര വീതമായാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇത് എത്രയായിരുന്നു ; വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും മറ്റ് വിദേശ/സ്വദേശ സ്ഥാപനങ്ങളിൽനിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു ; ഏതെല്ലാം സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം ആയിട്ടില്ല എന്നും എപ്പോഴാണ് അടയ്ക്കേണ്ടതെന്നും വിശദമാക്കാമോ ;

(ഇ) ഈ കാലയളവിൽ കേന്ദ്ര ലോൺ എടുത്ത വകയിൽ തുക എഴുതിത്തള്ളിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നാലവര വർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത, ആളോഹരി കടം എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	കടബാധ്യത (തുക കോടിയിൽ)	ആളോഹരി കടം (രൂപയിൽ)
2011-12	89418.18	26691.99
2012-13	103560.84	30730.22
2013-14	119009.07	35314.26
2014-15	135440.24	40189.98

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78,673.24 കോടി രൂപയും ആളോഹരി കടം 23554.86 കോടി രൂപയുമായിരുന്നു.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്രസർക്കാർ/വിദേശ/സ്വദേശ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുകയും തിരിച്ചടച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

വർഷം	കേന്ദ്രസർക്കാർ/ വിദേശ സഹായം		സ്വദേശ സ്ഥാപനങ്ങൾ	
	കടമെടുത്തത്	തിരിച്ചടച്ചത്	കടമെടുത്തത്	തിരിച്ചടച്ചത്
2011-12	407.15	370.54	9391.82	2522.52
2012-13	552.29	326.20	12708.89	2477.88
2013-14	392.02	351.58	14069.17	2893.23
2014-15	752.47	349.63	17756.70	5493.14

കേന്ദ്ര സഹായം/വിദേശ വായ്പാ സഹായം ഇവയുടെ തിരിച്ചടവ് അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന റീ-പേമെന്റ് ഷെഡ്യൂൾ പ്രകാരവും സ്വദേശ സ്ഥാപനങ്ങളിലെ തിരിച്ചടവ് വായ്പകളുടെ re-payment ഷെഡ്യൂൾ പ്രകാരവുമാണ് നടത്തുന്നത്.

(ഇ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 31-3-2010 വരെ കേന്ദ്ര പദ്ധതി/കേന്ദ്ര സഹായ പദ്ധതി എന്നിവയിലൂടെ സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യ വകുപ്പ് ഒഴികെയുള്ള വകുപ്പുകളിൽനിന്നും എടുത്തിട്ടുള്ള 5118.25 ലക്ഷം രൂപ കേന്ദ്ര സർക്കാർ 2011-12 സാമ്പത്തിക വർഷത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	കേന്ദ്രസർക്കാരിലെ വിവിധ വകുപ്പുകളുടെ പേര്	തുക (ലക്ഷം)
1	മിനിസ്ട്രി ഓഫ് കൊമേഴ്സ്	16.67
2	മിനിസ്ട്രി ഓഫ് ഷിപ്പിംഗ്	202.22
3	മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ	4256.33
4	മിനിസ്ട്രി ഓഫ് റോഡ്, ട്രാൻസ്പോർട്ട് & ഇൻഡസ്ട്രീസ്	0.26
5	മിനിസ്ട്രി ഓഫ് ഇൻഡസ്ട്രീസ്	5.64
6	മിനിസ്ട്രി ഓഫ് പവർ	5.73
7	മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ്	278.38
8	മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്മെന്റ്	353.02
	ആകെ	5118.25

LIBRARY ARCHIVES Kerala Legislative Assembly